**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 182 8-3-2018-ൽ മറുപടിക്ക്**

## അന്തർ സംസ്ഥാന ചരക്കനീക്കത്തിൽ നികുതിവെട്ടിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ. ടി. വി. ഇബ്രാഹിം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എൻ. ഷംസുദ്ദീൻ | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | അന്തർ സംസ്ഥാന ചരക്കനീക്കത്തിൽ മതിയായ പരിശോധന ഇല്ലാത്തതിനാൽ വ്യാപകമായ നികുതിവെട്ടിപ്പ് നടക്കുന്നതായ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഇ-വേ ബിൽ നടപ്പിലാക്കുന്ന തിനുണ്ടായ കാലതാമസം ഒരു പരിധി വരെ നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-01-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് അന്തർ സംസ്ഥാന ചരക്ക നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയും. ഇത് ഒരു പരിധി വരെ ചെക്ക് പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പു വരുത്തുന്നതിനായി ചരക്ക വാഹനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്ന തിനുവേണ്ടി ചെക്ക് പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള |
| (ബി) | ഇത് തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | | |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കള്ളക്കടത്തും നികുതിവെട്ടിച്ചുള്ള ചരക്കുനീക്കവും കൂടുതൽ ഫലപ്രദമായി നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തിന്റെ പ്രധാന അതിർത്തികളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി പാലക്കാട് ജില്ലയിലെ പ്രധാന പോയിന്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭഘട്ടത്തിലാണ്. |
| (സി) | ഇ-വേ ബിൽ സംവിധാനം ഫലപ്രദമായി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | 01-02-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ടായിരുന്നു. എന്നാൽ ഇ-വേ ബില്ലിന്റെ സോഫ്റ്റ് വെയറിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനെത്തുടർന്ന് വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇതിനെത്തുടർന്ന് കേന്ദ്രസർക്കാർ ഇ-വേ ബിൽ നിർബന്ധമല്ലാതാക്കിക്കൊണ്ടുള്ള വിജ്ഞാപനം ഫെബ്രുവരി 2 ന് പുറപ്പെടുവിച്ചു. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-01-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇ-വേ ബിൽ സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി നിരീക്ഷണക്യാമറകളിൽ നിന്ന് ലഭ്യമാകുന്ന ചരക്കുവാഹനങ്ങളുടെ വിവരങ്ങൾ ഇ-വേ ബില്ലുകൾ വഴി ജി.എസ്.ടി നെറ്റ് വർക്ക് പോർട്ടലിൽ അപ് |

—3

| | | | |
|---|---|---|---|
| | | | ലോഡ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, ഇല്ലെങ്കിൽ തത്സമയം തന്നെ മൊബൈൽ സ്ക്വാഡുകളെ അറിയിക്കുന്നതിനും സാധിക്കും. കേന്ദ്രസർക്കാർ ആർ.എഫ്.ഐ.ഡി സമ്പ്രദായം നടപ്പാക്കുന്നതോടെ ഈ സംവിധാനം സ്വയംപ്രവർത്തന ക്ഷമമായി മാറുകയും ചെയ്യും. |

**സെക്ഷൻ ഓഫീസർ**